I ഇ.ബി. XIV - കേരള നിയമസഭ/XV-19

**പതിനാലാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

**(ചോദ്യോത്തരങ്ങൾ ഒഴികെ)**

2019 ജൂലൈ 02, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(9.00 മുതൽ 10.00 വരെ ചോദ്യോത്തരസമയം)

## I അറിയിപ്പ്

ചീഫ് വിപ്പ്

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. രാജൻ 2019 ജൂൺ 28 മുതൽ ഗവൺമെന്റ് ചീഫ് വിപ്പായി നിയമിതനായ വിവരം അറിയിക്കുന്നു.

## II പ്രത്യേക പരാമർശം

റിപ്പോർട്ട് മേശപ്പുറത്തുവയ്ക്കുന്നതിലുണ്ടായ കാലതാമസം

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): വിഴിഞ്ഞം തുറമുഖ പദ്ധതിയെ സംബന്ധിച്ച് അന്വേഷിക്കാൻ നിയോഗിച്ച ജസ്റ്റിസ്

ശ്രീ. സി. എൻ. രാമചന്ദ്രൻ നായർ കമ്മീഷൻ 31-12-2018-ന് സർക്കാരിന് സമർപ്പിച്ച റിപ്പോർട്ട് ആക്ഷൻ ടേക്കൺ റിപ്പോർട്ട് ഉൾപ്പെടെ ജൂൺ 30-നുമുമ്പ് സഭയിൽ സമർപ്പിക്കുമെന്ന ശ്രീ. വി. പി. സജീന്ദ്രന്റെ ക്രമപ്രശ്നത്തിന് നൽകിയ ഉറപ്പ് വകുപ്പുമന്ത്രി ലംഘിച്ചിരിക്കുകയാണ്. റിപ്പോർട്ട് അടിയന്തരമായി സഭയുടെ മേശപ്പുറത്തുവയ്ക്കാൻ നടപടി സ്വീകരിക്കണം.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): റിപ്പോർട്ട് സമയബന്ധിതമായി മേശപ്പുറത്തുവയ്ക്കുന്നതാണ്.

## III പ്രമേയം

സമ്മേളന ദിവസം റദ്ദു ചെയ്യുന്നതുസംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സഭയുടെ നടപ്പു സമ്മേളനത്തിന്റെ കലണ്ടർ ഭാഗികമായി ഭേദഗതി ചെയ്ത് 2019 ജൂലൈ 5-ാം തീയതി നിശ്ചയിച്ചിരുന്ന സഭാസമ്മേളനം ഒഴിവാക്കാൻ ഈ സഭ തീരുമാനിക്കുന്നു എന്ന പ്രമേയം അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രമേയം സഭ അംഗീകരിച്ചു.

# IV അടിയന്തരപ്രമേയം

## സ്വാശ്രയ മെഡിക്കൽ ഫീസ്

മി. സ്പീക്കർ: സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ, ഡെന്റൽ കോഴ്സുകളിലേയ്ക്കുള്ള ഫീസ് നിർണ്ണയിക്കുന്നതിൽ കാലതാമസം വരുത്തി, മെഡിക്കൽപഠനം അനിശ്ചിതത്വത്തിലാക്കിയ സർക്കാർ നടപടിമൂലം വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കുമുണ്ടായിട്ടുള്ള ആശങ്ക സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി. എസ്. ശിവകുമാർ, എം. ഉമ്മർ, അനൂപ് ജേക്കബ്, ഡോ. എൻ. ജയരാജ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): കഴിഞ്ഞ മൂന്ന് വർഷമായി കേരളത്തിലെ മെഡിക്കൽ അലോട്ട്മെന്റ് കുറ്റമറ്റ രീതിയിൽ സുപ്രീംകോടതിയുടെയും കേന്ദ്ര ഗവൺമെന്റിന്റെയും നിർദ്ദേശങ്ങളനുസരിച്ച് സമയബന്ധിതമായി പൂർത്തിയാക്കിയിട്ടുണ്ട്. 2017-ലെ സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും ആക്ടിനെ ചോദ്യം ചെയ്ത റിട്ട് പെറ്റീഷന്റെ ഭാഗമായി വന്ന കോടതിവിധിയിൽ ഫീസ്

നിശ്ചയിക്കുന്നതിനും പ്രവേശനം നിയന്ത്രിക്കുന്നതിനുമുള്ള കമ്മിറ്റിയെ രണ്ട് കമ്മിറ്റികളായി വേർതിരിക്കണമെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ബിൽ സഭയിൽ അവതരിപ്പിച്ച് പ്രതിപക്ഷാംഗങ്ങളുടെ പിന്തുണയോടുകൂടി പാസ്സാക്കുകയും തുടർന്ന് രണ്ടു കമ്മിറ്റികൾ നിലവിൽ വരികയും ചെയ്തു. ഈ കമ്മിറ്റികളാണ് ഫീസ് നിശ്ചയിക്കുന്നത്. പുതിയ ഫീസ് നിശ്ചയിക്കാൻ കാലതാമസം വരികയാണെങ്കിൽ കഴിഞ്ഞ വർഷത്തെ ഫീസ് നിലനിർത്തി അലോട്ട്മെന്റ് നടത്താനും ഫീ റെഗുലേറ്ററി കമ്മിറ്റി ഫിക്സ് ചെയ്യുന്ന ഫീസ് നൽകാൻ സന്നദ്ധരാണെന്ന് വിദ്യാർത്ഥികളിൽനിന്നും അഫിഡവിറ്റ് വാങ്ങാൻ തീരുമാനിക്കുകയും ഇക്കാര്യം കോടതിയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. സുപ്രീംകോടതി നിർദ്ദേശിച്ച തീയതിയിൽ അലോട്ട്മെന്റ് നടത്താനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. വി. എസ്. ശിവകുമാർ: സ്വാശ്രയ മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് എം.ബി.ബി.എസ്., ഡെന്റൽ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിൽ അനിശ്ചിതത്വം നിലനിൽക്കുകയാണ്. മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള നടപടിക്രമങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാൻ സർക്കാരിന് സാധിച്ചിട്ടില്ല. പ്രവേശനം നിയന്ത്രിക്കുന്നതും ഫീസ്

നിർണ്ണയിക്കുന്നതും രണ്ട് വ്യത്യസ്ത കാര്യങ്ങളായതിനാൽ രണ്ടിനും പ്രത്യേക കമ്മിറ്റികൾ വേണമെന്ന കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുതിയ നിയമം കൊണ്ടുവന്നിരുന്നെങ്കിൽ കാലതാമസമുണ്ടാകില്ലായിരുന്നു. ഫീസ് വർദ്ധിപ്പിക്കാനുള്ള സാഹചര്യമൊരുക്കിയതിനുശേഷമാണ് സ്വാശ്രയ മാനേജ്മെന്റുകളുമായി സർക്കാർ ചർച്ച നടത്തിയത്. ഫീസ് നിർണ്ണയ സമിതി പിന്നീട് നിശ്ചയിക്കുന്ന ഫീസ് നൽകാമെന്ന് വിദ്യാർത്ഥികളിൽനിന്നും ബോണ്ടെഴുതി വാങ്ങി കോടതി റദ്ദാക്കിയ കഴിഞ്ഞ വർഷത്തെ ഫീസ് പ്രകാരം പ്രവേശനം നടത്തുന്നതിലൂടെ സ്വാശ്രയ മാനേജ്മെന്റുകൾക്ക് അമിതഫീസ് ഈടാക്കാനുള്ള അവസരമാണ് ഒരുക്കിക്കൊടുത്തിരിക്കുന്നത്. മെഡിക്കൽ പ്രവേശനം സംബന്ധിച്ച് ആറ് മാസത്തിനകം തീരുമാനമെടുക്കണമെന്ന കോടതി നിർദ്ദേശം നടപ്പാക്കിയിട്ടില്ല. ഗവൺമെന്റിന്റെ പിടിപ്പുകേട് കാരണം നീറ്റ് പരീക്ഷയിൽ ഉയർന്ന റാങ്ക് നേടിയ കുട്ടികൾക്കുപോലും അവസരം നഷ്ടപ്പെടുന്ന സ്ഥിതിയാണുള്ളത്. സ്വാശ്രയ മാനേജ്മെന്റുകളുമായി ഒത്തുകളിച്ച് സംസ്ഥാനത്തെ മെഡിക്കൽ പ്രവേശനം അനിശ്ചിതത്വത്തിലാക്കിയിരിക്കുകയാണ്. ഗുരുതരമായ ഈ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>): സംസ്ഥാനത്ത് മെഡിക്കൽ പ്രവേശനം സുതാര്യവും കൃത്യവുമായാണ് നടക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 20 കോളേജുകളുമായി കൺസെഷൻ എഗ്രിമെന്റ് ഒപ്പുവയ്ക്കുകയും 25,000/- രൂപ ഫീസിൽ പഠിക്കാൻ കഴിയുന്ന സീറ്റുകളുടെ എണ്ണം ഇരട്ടിയായി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൺസെഷൻ എഗ്രിമെന്റിനെതിരെ സ്വാശ്രയ മാനേജ്മെന്റുകൾ കോടതിയെ സമീപിക്കുകയും അടുത്തവർഷം മുതൽ എഗ്രിമെന്റ് അംഗീകരിക്കാൻ കഴിയില്ലെന്നും നീറ്റ് മെറിറ്റനുസരിച്ച് പ്രവേശനം നടത്തണമെന്നും ഫീസ് ഏകീകരിക്കണമെന്നും കോടതി നിർദ്ദേശിക്കുകയുണ്ടായി. കൺസെഷൻ എഗ്രിമെന്റിനുള്ള ക്ലോസ് ഉൾപ്പെടുത്തിക്കൊണ്ടുവന്ന നിയമത്തിനെതിരെ മാനേജ്മെന്റുകൾ കോടതിയെ സമീപിക്കുകയും കൺസെഷൻ ക്ലോസ് റദ്ദാക്കി കോടതി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. കോടതിയുടെ ഗൈഡ്‌ലൈൻ അനുസരിച്ച് ഫീ റെഗുലേറ്ററി കമ്മിറ്റി നിശ്ചയിക്കുന്ന ഫീസ് അംഗീകരിക്കാൻ മാത്രമേ ഗവൺമെന്റിന് കഴിയുകയുള്ളൂ. ഇതിനെതിരെ മാനേജ്മെന്റുകൾ കോടതിയെ സമീപിക്കുകയും കോടതി നിർദ്ദേശത്തെത്തുടർന്ന് ബിൽ പാസ്സാക്കി രണ്ട്

കമ്മിറ്റികൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. വിദ്യാർത്ഥികളുടെ അലോട്ട്മെന്റ് പ്രോസസ്സിന് യാതൊരു കുഴപ്പവും സംഭവിക്കുകയില്ല. കഴിഞ്ഞ മൂന്ന് വർഷക്കാലവും തൃപ്തികരമായി അലോട്ട്മെന്റ് പൂർത്തിയാക്കാൻ സാധിച്ചിട്ടുണ്ട്. കോടതിവിധി പ്രകാരം മറ്റ് സംസ്ഥാനങ്ങളിലെ കുട്ടികൾക്ക് 15 ശതമാനം സീറ്റ് നൽകുന്നതാണ്. ഇത്തവണത്തെ അലോട്ട്മെന്റ് നിശ്ചയിച്ച സമയത്തിനുള്ളിൽത്തന്നെ പൂർത്തിയാക്കുന്നതാണ്. ഫീ റെഗുലേറ്ററി കമ്മിറ്റി അംഗീകരിക്കുന്ന ഫീസായിരിക്കും സർക്കാരും അംഗീകരിക്കുന്നത്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, ഡോ. എം. കെ. മുനീർ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്നും പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## V ശ്രദ്ധ ക്ഷണിക്കൽ

### (1) ചെല്ലാനം ഫിഷിംഗ് ഹാർബർ

ശ്രീ. കെ. ജെ. മാക്സി: ചെല്ലാനം ഗ്രാമപഞ്ചായത്തിലെ തീരപ്രദേശം സംരക്ഷിക്കാൻ കടൽഭിത്തി, പുലിമുട്ട് എന്നിവ നിർമ്മിക്കാനും റോഡുകൾ പുനർനിർമ്മിക്കാനും കനാലുകൾ വൃത്തിയാക്കാനും ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണപ്രവൃത്തി പൂർത്തീകരിക്കാനും ഓഖി ദുരന്തത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് നിയമനം നൽകാനും നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): ചെല്ലാനം മത്സ്യബന്ധന തുറമുഖത്തിന്റെ ഒന്നാംഘട്ട പ്രവർത്തനങ്ങൾക്ക് 500 ലക്ഷം രൂപയുടെയും രണ്ടാംഘട്ട പ്രവർത്തനങ്ങൾക്ക് 29.9 കോടി രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. രണ്ടുഘട്ടങ്ങളിലായി തെക്കേപുലിമുട്ട് 570 മീറ്ററും വടക്കേപുലിമുട്ട് 150 മീറ്ററും പൂർത്തീകരിച്ചിട്ടുണ്ട്. വാർഫ്, ഡോർമെട്രി, ക്യാന്റീൻ, ടോയ്‌ലെറ്റ് ബ്ലോക്ക്, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് ഉൾപ്പെടെയുള്ള അനുബന്ധജോലികളും ഡ്രഡ്ജിംഗ് പ്രവൃത്തിയുമാണ് പൂർത്തീകരിക്കാനുള്ളത്. ഹാർബറിലേയ്ക്കുള്ള റോഡ് നിർമ്മാണത്തിന് സ്ഥലമേറ്റെടുക്കാൻ

നെഗോഷ്യബിൾ പർച്ചേസ് ആക്ടനസരിച്ച് കഴിഞ്ഞ ഗവൺമെന്റിറക്കിയ ഉത്തരവ് സ്ഥലമുടമകളുടെ എതിർപ്പുമൂലം നടപ്പാക്കാത്തതിനാലാണ് ഹാർബർ നിർമ്മാണം പൂർത്തീകരിക്കുന്നതിൽ കാലതാമസമുണ്ടായത്. 2017-18 സാമ്പത്തിക വർഷം ചെല്ലാനം ഹാർബറിന്റെ ശേഷിക്കുന്ന നിർമ്മാണപ്രവൃത്തികൾക്കായി 1037 ലക്ഷം രൂപയുടെ ഭരണാനുമതിയും 700 ലക്ഷം രൂപയുടെ സാങ്കേതികാനുമതിയും സൈറ്റിലേയ്ക്കുള്ള അപ്രോച്ച് റോഡ്, കൾവെർട്ട് എന്നിവയ്ക്ക് 120 ലക്ഷം രൂപയുടെ സാങ്കേതികാനുമതിയും തുറമുഖത്തിന്റെ അപ്രോച്ച് റോഡിനുള്ള ഭൂമി ഏറ്റെടുക്കാൻ 13 കോടി രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. റവന്യൂ വകുപ്പിൽനിന്നും ഭൂമി ഏറ്റെടുക്കാനുള്ള നടപടി ഊർജ്ജിതപ്പെടുത്തുന്നതാണ്. ഓഖി ദുരന്തത്തിൽ മരണപ്പെട്ടവരുടെ ആശ്രിതരിൽ അർഹതപ്പെട്ടവർക്ക് മാനദണ്ഡങ്ങൾക്ക് വിധേയമായി ജോലി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

(2) പ്രവാസികൾക്ക് വോട്ടവകാശം

ഡോ. എം. കെ. മുനീർ: 2020-ലെ തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിൽ പ്രവാസി കേരളീയർക്ക് നേരിട്ട് ഹാജരാകാതെ വോട്ടവകാശം രേഖപ്പെടുത്താൻ അനുവാദം നൽകുന്നതിന് നടപടി

സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): നിലവിലുള്ള നിയമപ്രകാരം വോട്ട് രേഖപ്പെടുത്തുന്നതിന് സമ്മതിദായകർ നേരിട്ട് പോളിംഗ് സ്റ്റേഷനിൽ ഹാജരാകണമെന്നുണ്ട്. പ്രവാസി ഭാരതീയർക്ക് പ്രോക്സി വോട്ട് അനുവദിക്കുന്നതിന് നിയമനിർമ്മാണം, കേരള പഞ്ചായത്ത്‌രാജ് തെരഞ്ഞെടുപ്പ് ചട്ടങ്ങളിൽ ഭേദഗതി, തെരഞ്ഞെടുപ്പിന്റെ രഹസ്യസ്വഭാവ സംരക്ഷണം തുടങ്ങിയവ സംബന്ധിച്ച വ്യക്തമായ മാർഗ്ഗരേഖയും വിവിധ തലങ്ങളിലുള്ള ചർച്ചകളും കൂടിയാലോചനകളും ആവശ്യമായതിനാൽ അക്കാര്യത്തിൽ സർക്കാർ തീരുമാനമെടുക്കുന്നതാണ്.

## VI സബ്‌മിഷൻ

### (1) ചിറയ്ക്കൽപടി-ഉളിക്കടവ് റോഡ്

ശ്രീ. കെ. വി. വിജയദാസ്: മണ്ണാർക്കാട്-ചിന്നത്തടാകം അന്തർസംസ്ഥാന റോഡിന് സമാന്തരമായി ചിറയ്ക്കൽപടിയിൽനിന്നും പൂഞ്ചോല-ഉളിക്കടവ് വഴി അഗളിയിൽ എത്തുന്ന റോഡ് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): ഏഴ് വർഷം മുമ്പ് പ്രസ്തുത പ്രവൃത്തിക്ക് 60 ലക്ഷം രൂപ അനുവദിച്ചുവെങ്കിലും വനം വകുപ്പിന്റെ എതിർപ്പുമൂലം യാഥാർത്ഥ്യമാക്കാൻ സാധിച്ചില്ല. ബന്ധപ്പെട്ട പ്രദേശത്തെ ഏറിയഭാഗവും നിബിഡനിത്യഹരിത വനമാണെന്നും വന്യജീവികളുടെ വിഹാരകേന്ദ്രമാണെന്നുമുള്ള കാരണത്താൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് റോഡ് നിർമ്മാണത്തിന് അനുമതി നിഷേധിച്ചിരിക്കുകയാണ്. പൊതുമരാമത്ത് വകുപ്പിന് ഈ വിഷയത്തിൽ കൂടുതൽ ഇടപെടാൻ സാധിക്കില്ല.

(2) അപ്രോച്ച് റോഡ്

ശ്രീ. സി. മമ്മൂട്ടി: തിരൂരിലെയും മുത്തൂരിലെയും റെയിൽവേ മേൽപ്പാലങ്ങൾക്കുള്ള അപ്രോച്ച് റോഡ് നിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): തിരൂർ-പൊൻമുണ്ടം ബൈപ്പാസിലെ ആർ.ഒ.ബി. നിർമ്മാണത്തിന് റെയിൽവേ സേഫ്റ്റി വർക്ക് പ്രോഗ്രാമിൽ ഉൾപ്പെടുത്തി തുക അനുവദിച്ചുവെങ്കിലും റെയിൽവേയുടെ ഭാഗത്തുള്ള സ്പാൻ മാത്രമാണ്

പൂർത്തിയാക്കാൻ സാധിച്ചത്. ബാക്കി സ്പാനുകളും അപ്രോച്ച് റോഡുകളും പൂർത്തിയാക്കാനായി 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഭരണാനുമതി നൽകിയില്ല. തുക വർദ്ധിപ്പിച്ച് നൽകുന്നതിനും സ്പാനുകൾ പൂർത്തിയായ മുത്തൂരിലെ റെയിൽവേ മേൽപ്പാലങ്ങളുടെ അപ്രോച്ച് റോഡിന്റെ എ.എസ്.-ന് ആവശ്യമായ തുക ലഭ്യമാക്കുന്നതിനും ധനകാര്യവകുപ്പുമായി ചർച്ച ചെയ്ത് നടപടി സ്വീകരിക്കുന്നതാണ്.

(3) <u>പാലങ്ങളുടെ പുനർനിർമ്മാണം</u>

<u>ശ്രീ. അനൂപ് ജേക്കബ്</u>: പിറവം നിയോജകമണ്ഡലത്തിലെ വടവെട്ടി പാലവും ഇടയാർ പാലവും പുനർനിർമ്മിക്കാൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. ജി. സുധാകരൻ</u>): വടവെട്ടി പാലത്തിന്റെയും ഇടയാർ പാലത്തിന്റെയും പുനർനിർമ്മാണ പ്രവൃത്തികൾക്കാവശ്യമായ ബഡ്ജറ്റ് പ്രൊവിഷനില്ലാത്തതിനാൽ ഭരണാനുമതി ലഭിക്കാൻ സാധിക്കാത്ത സാഹചര്യമാണുള്ളത്. പ്രസ്തുത പാലങ്ങൾ അടിയന്തരമായി പുതുക്കി പണിയേണ്ട തരത്തിൽ അപകടാവസ്ഥയിലാണെങ്കിൽ മുൻഗണന നൽകി പുനർനിർമ്മിക്കുന്ന കാര്യം

പരിഗണിക്കുന്നതാണ്.

(4) പ്രളയദുരിതാശ്വാസ അപേക്ഷകൾ

ശ്രീ. പി. ടി. തോമസ്: കാക്കനാട് കളക്ടറേറ്റിൽ പ്രളയദുരിതാശ്വാസത്തിന് സമർപ്പിച്ച അപേക്ഷകൾ ഉപേക്ഷിക്കപ്പെട്ട സാഹചര്യം പരിശോധിക്കുന്നതിനും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനും നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): പ്രളയദുരിതാശ്വാസത്തിനായി ലഭിച്ച അപേക്ഷകൾ കെട്ടിക്കിടക്കുന്ന സാഹചര്യം നിലവിലില്ല. പ്രളയദുരന്തത്തിൽ നാശനഷ്ടം സംഭവിച്ച വീടുകളുടെ പുനർനിർമ്മാണം വിവരശേഖരണത്തിന്റെയും നാശനഷ്ട വിലയിരുത്തലിന്റെയും അടിസ്ഥാനത്തിൽ സർക്കാർ നിശ്ചയിക്കുകയും നഷ്ടപരിഹാരം സംബന്ധിച്ച് 2019 ജനുവരിവരെ ലഭിച്ച അപ്പീലുകൾ പരിഹരിച്ചിട്ടുമുണ്ട്. പ്രളയാനന്തര സഹായത്തിനായി അപ്പീലുകൾ സമർപ്പിക്കാനുള്ള സമയപരിധി ദീർഘിപ്പിച്ചതിനുശേഷം എറണാകുളം കളക്ടറേറ്റിൽ ലഭിച്ച അപേക്ഷകൾ സാങ്കേതിക പരിശോധനയ്ക്കയച്ച് അപ്പീലുകൾ തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(5) പാർശ്വഭിത്തി നിർമ്മാണം

ശ്രീ. പി. കെ. ബഷീർ: കുറുവംപുഴയുടെയും ചാലിയാർ പുഴയുടെയും ഇരുകരകളിലെയും തകർന്നുപോയ പാർശ്വഭിത്തി നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): ചാലിയാർ പുഴയുടെ വലതുകരഭാഗത്ത് വെള്ളപ്പൊക്കത്തിൽ ഇടിഞ്ഞുപോയ സംരക്ഷണഭിത്തിയുടെ നിർമ്മാണം നവകേരള നിർമ്മിതിക്കനുവദിക്കുന്ന തുക ഉപയോഗിച്ച് നടത്തുന്നതാണ്.

(6) പ്രത്യേക എഞ്ചിനീയറിംഗ് വിഭാഗം

ശ്രീ. അനിൽ അക്കര: പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിന് അടിസ്ഥാനവികസന പദ്ധതികൾ തയ്യാറാക്കുന്നതിന് പ്രത്യേക എഞ്ചിനീയറിംഗ് വിഭാഗം രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള എഞ്ചിനീയറിംഗ് വിഭാഗം ഭവനനിർമ്മാണ മേൽനോട്ടവും അറ്റകുറ്റപ്പണികളുമാണ്

നടത്തിക്കൊണ്ടിരിക്കുന്നത്. പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ മോണിറ്ററിംഗിനായി സിവിൽ എഞ്ചിനീയറിംഗ് ബിരുദധാരികളെ ജില്ലാടിസ്ഥാനത്തിൽ കരാർ വ്യവസ്ഥയിൽ നിയമിക്കുന്നത് സംബന്ധിച്ചും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ എഞ്ചിനീയറിംഗ് വിഭാഗത്തെ വിവിധ പ്രോജക്ടുകളിൽ ഫലപ്രദമായി ഉപയോഗിക്കുന്നതുസംബന്ധിച്ചും പരിശോധിക്കുന്നതാണ്.

(7) ചിറ്റാരി-കണ്ടിവാതുക്കൽ റോഡ്

ശ്രീ. ഇ. കെ. വിജയൻ: നാദാപുരം മണ്ഡലത്തിലെ ചിറ്റാരി-കണ്ടിവാതുക്കൽ റോഡ് നിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): ചിറ്റാരി-കണ്ടിവാതുക്കൽ റോഡ് പ്രവൃത്തികളുടെ ബില്ലുകൾ മാറിനൽകുന്നതിലെ സാങ്കേതിക തടസ്സം പരിഹരിച്ച് പ്രവൃത്തികൾ പുനരാരംഭിക്കുന്നതാണ്.

(8) ഓട്ടോറിക്ഷ-ടാക്സി തൊഴിലാളി ക്ഷേമനിധി

ശ്രീ. രാജു എബ്രഹാം: ഓട്ടോറിക്ഷ-ടാക്സി തൊഴിലാളി ക്ഷേമനിധി

ആനുകൂല്യങ്ങൾ കാലോചിതമായി പരിഷ്കരിക്കാൻ നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): പ്രസ്തുത തൊഴിലാളികൾക്ക് യഥാസമയം ആനുകൂല്യങ്ങൾ ലഭ്യമാക്കുന്ന കാര്യവും തൊഴിലുടമ-തൊഴിലാളി അംശദായത്തിൽ വർദ്ധനവ് വരുത്തുന്ന കാര്യവും സർക്കാരിന്റെ സജീവ പരിഗണനയിലാണ്. 1991-ലെ കേരള ഓട്ടോറിക്ഷ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ അംഗങ്ങളായ തൊഴിലാളികളെക്കൂടി ഉൾപ്പെടുത്തി 2005-ലെ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതി ഭേദഗതി വരുത്തുന്നത് സംബന്ധിച്ച ബിൽ നിയമസഭ പാസ്സാക്കുന്നമുറയ്ക്ക് അവരെക്കൂടി പദ്ധതിയുടെ ഭാഗമാക്കുന്നതാണ്.

(9) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്

ശ്രീ. വി. ജോയി: വർക്കല ആസ്ഥാനമാക്കി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് അനുവദിക്കാൻ നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ആരംഭിക്കുന്നതിന് ബഡ്ജറ്റിൽ തുക വകയിരുത്താത്ത സാഹചര്യത്തിൽ വർക്കല ആസ്ഥാനമാക്കി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് അനുവദിക്കുന്ന കാര്യം പരിഗണിക്കാൻ സാധിക്കില്ല.

## (10) കായികാദ്ധ്യാപക നിയമനം

ശ്രീ. കോവൂർ കുഞ്ഞുമോൻ: പൊതു കലാലയങ്ങളിൽ സ്ഥിരം കായികാദ്ധ്യാപകരെ നിയമിക്കാനും പ്രസ്തുത തസ്തികയുടെ വിദ്യാഭ്യാസ യോഗ്യത കാലോചിതമായി പരിഷ്കരിക്കാനും ജനറൽ വിഭാഗത്തിൽ ഉൾപ്പെടുത്തി നിയമനം നടത്താനും നടപടി സ്വീകരിക്കണം.

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): യു.പി. വിഭാഗത്തിൽ കുട്ടികളുടെ എണ്ണത്തിന്റെയും ഹൈസ്കൂൾ വിഭാഗത്തിൽ പിരീഡിന്റെയും അടിസ്ഥാനത്തിലാണ് കായികാദ്ധ്യാപക തസ്തിക ഉൾപ്പെടെയുള്ള സ്പെഷ്യലിസ്റ്റ് വിഷയങ്ങൾക്ക് ഫുൾടൈം സ്പെഷ്യലിസ്റ്റ് അദ്ധ്യാപക തസ്തിക അനുവദിക്കാൻ കെ.ഇ.ആർ.-ൽ വ്യവസ്ഥയുള്ളത്. പ്രസ്തുത മാനദണ്ഡം ഏകീകരിക്കുന്നതിന് വിശദമായ പഠനം ആവശ്യമാണ്. നിലവിൽ യു.പി./ഹൈസ്കൂൾ തലങ്ങളിൽ കായികാദ്ധ്യാപക നിയമനത്തിനുള്ള യോഗ്യതയിലും ശമ്പള സ്കെയിലിലും വ്യത്യാസമില്ല. വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിലുള്ള കായികാദ്ധ്യാപക നിയമനം സംബന്ധിച്ചും ഹയർ സെക്കണ്ടറി സ്കൂളുകളിലെ കായികാദ്ധ്യാപക ക്രമീകരണം സംബന്ധിച്ചും പൊതുവിദ്യാഭ്യാസ ഡയറക്ടർ എസ്.സി.ഇ.ആർ.ടി.-യുമായി

ചേർന്ന് പരിശോധിച്ചുവരികയാണ്. വിദ്യാലയങ്ങളിൽ കായികാദ്ധ്യാപക തസ്തികകൾ അനുവദിക്കുന്നകാര്യം ഗൗരവമായി പരിശോധിക്കുന്നതാണ്.

## VII റിപ്പോർട്ടുകളുടെ സമർപ്പണം

I, II, III, VII, XI എന്നീ സബ്ജക്ട് കമ്മിറ്റികളുടെ 2019 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടുകളും 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടുകളും ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ 37 മുതൽ 41 വരെയുള്ള റിപ്പോർട്ടുകളും പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട്ടും സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ പത്താമത് റിപ്പോർട്ടും സമർപ്പിക്കപ്പെട്ടു.

## VIII ക്രമപ്രശ്നം

<u>കിഫ്ബിയുമായി ബന്ധപ്പെട്ട ധനവിനിയോഗം</u>

<u>ശ്രീ. എം. ഉമ്മർ</u>: കിഫ്ബി ആക്ട് 7(i) പ്രകാരം കൺസോളിഡേറ്റഡ് ഫണ്ടിൽ ലഭ്യമാകുന്ന മോട്ടോർ വാഹന നികുതിയുടെയും പെട്രോളിയം

സെസ്സിന്റെയും ഒരു വിഹിതം എല്ലാ വർഷവും സർക്കാരിൽനിന്ന് കിഫ്ബിക്ക് നൽകണമെന്ന വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ ചർച്ച കൂടാതെ അപ്രോപ്രിയേഷൻ ബില്ലിലൂടെ പാസ്സാക്കിക്കൊടുക്കുകയാണ് ചെയ്യുന്നത്. ഭരണഘടന പ്രകാരം കൺസോളിഡേറ്റഡ് ഫണ്ടിന്റെ ആഡിറ്റ് നടത്തേണ്ടത് സി.&എ.ജി.യാണ്. നിയമസഭയ്ക്ക് അക്കൗണ്ടബിലിറ്റിയില്ലാതെ ഭീമമായ തുക നൽകുന്നത് നിയമത്തിനും ഭരണഘടനയ്ക്കും ചട്ടങ്ങൾക്കും വിരുദ്ധമാണ്. ഈ വിഷയം സഭയിലും ബന്ധപ്പെട്ട സമിതികളിലും ചർച്ച ചെയ്യാനും ആഡിറ്റ് നടത്താനും സംവിധാനമുണ്ടാകണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): പെട്രോളിയം സെസ്സിന്റെയും മോട്ടോർ വാഹന നികുതിയുടെയും ഒരു വിഹിതം എല്ലാ വർഷവും കിഫ്ബിക്ക് സർക്കാരിൽനിന്ന് നൽകുന്നുണ്ട്. കിഫ്ബി ആക്ട് 7(3) പ്രകാരം നിയമസഭ പാസ്സാക്കുന്ന നിയമ പ്രകാരമുള്ള ധനവിനിയോഗം വഴി ആക്ടിൽ വിവക്ഷിക്കുന്ന ആവശ്യങ്ങൾക്കുമാത്രമേ ഗ്രാന്റ്, അഡ്വാൻസ്, വായ്പ എന്നിവ കിഫ്ബിക്കായി സർക്കാരിന് നൽകാനാവൂ. ഭേദഗതി ചെയ്ത കിഫ്ബി ആക്ടിലെ സെക്ഷൻ 6(സി) പ്രകാരം ഓരോ ആറ് മാസവും ഫിഡിലിറ്റി സർട്ടിഫിക്കറ്റ് നൽകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ വകുപ്പ്

3(8) പ്രകാരം ബോർഡിന്റെ ധനാഗമമാർഗ്ഗങ്ങളും അവയുടെ വിനിയോഗവും സംബന്ധിച്ച സ്റ്റേറ്റ്മെന്റും FTAC -ന്റെ ഫിഡിലിറ്റി സർട്ടിഫിക്കറ്റും സംസ്ഥാന വാർഷിക ബഡ്ജറ്റിനോടൊപ്പം നിയമസഭയുടെ മേശപ്പുറത്തുവയ്ക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. 1971-ലെ ഡി.പി.സി. ആക്ട് സെക്ഷൻ 14(1) പ്രകാരം സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും ധനാഗമമുള്ള സ്ഥാപനങ്ങൾ സ്വമേധയാ ഓഡിറ്റിന് വിധേയമാക്കാൻ സി.ആന്റ് എ.ജി.-ക്ക് അധികാരമുണ്ട്. അപ്രകാരം കിഫ്ബിയുടെ പരിശോധന നടന്നുവരുന്നു. കൂടാതെ ആക്ടിലെ 15, 16 വകുപ്പുകൾ പ്രകാരം കിഫ്ബിയുടെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് ചെയ്ത വാർഷിക കണക്കുകളും ബന്ധപ്പെട്ട ഓഡിറ്റ് റിപ്പോർട്ട് സഹിതം എല്ലാവർഷവും നിയമസഭയുടെ മേശപ്പുറത്തുവയ്ക്കേണ്ടതും അവ ബന്ധപ്പെട്ട സമിതികൾ പരിശോധിക്കേണ്ടതുമാണ്. കിഫ്ബിയുടെ 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടും വാർഷിക കണക്കുകളും റിപ്പോർട്ടുകളും ഫിഡിലിറ്റി സർട്ടിഫിക്കറ്റ് സഹിതം നിയമസഭയിൽ സമർപ്പിച്ചിട്ടുണ്ട്. 2018-19-ലെ രേഖകൾ താമസിയാതെ സമർപ്പിക്കുന്നതാണ്.

<u>ശ്രീ. വി. ഡി. സതീശൻ</u>: ഭരണഘടനാ വിരുദ്ധമായി കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നും സ്കൂട്ടിണിക്ക് വിധേയമാക്കാതെ തുക വിനിയോഗിക്കുന്നത്

പരിശോധിക്കണം.

മി. സ്പീക്കർ: ഇവിടെ ഉന്നയിച്ച ക്രമപ്രശ്നത്തിന്മേലുള്ള നിയമപ്രശ്നവും നടപടിക്രമങ്ങളിലെ സങ്കീർണ്ണതകളും വിശദമായി പരിശോധിച്ച് പിന്നീട് റൂളിംഗ് നൽകുന്നതാണ്.

## IX നിയമനിർമ്മാണകാര്യം

### 2019-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): 2019-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): 2019-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: ധനവിനിയോഗ ബില്ലിനെ

അനുകൂലിക്കുന്നു. പരമ്പരാഗത വ്യവസായങ്ങൾ ശാസ്ത്രീയമായി പുനഃസ്ഥാപിക്കണമെന്ന സർക്കാർ നിലപാട് സ്വാഗതാർഹമാണ്. അഴിമതി പൂർണ്ണമായി ഇല്ലാതാക്കാൻ ശ്രമിക്കണം. പോലീസ് സേനയെക്കുറിച്ചുള്ള ആക്ഷേപങ്ങൾ ഗൗരവമായിക്കണ്ട് അത് ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കണം. ഈ വിഭാഗത്തിന് ജുഡീഷ്യൽ അധികാരം നൽകാൻ പാടില്ല. ആരോഗ്യ മേഖലയിലെ സർക്കാരിന്റെ മുന്നേറ്റം പ്രശംസനീയമാണ്.

ശ്രീ. എ. പി. അനിൽ കുമാർ: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. സംസ്ഥാനം ഗുരുതര സാമ്പത്തിക പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. വേണ്ടത്ര തയ്യാറെടുപ്പ് നടത്താതെ ജി.എസ്.ടി. നടപ്പാക്കിയതിലൂടെ നികുതി പിരിവിൽ ഗുരുതര വീഴ്ച സംഭവിച്ചിരിക്കുകയാണ്. റോഡ് ഫണ്ട് ബോർഡിന്റെയും പെട്രോളിന്റെയും സെസ്സ് ഉപയോഗിച്ചുകൊണ്ട് അമ്പതിനായിരം കോടി രൂപയുടെ പദ്ധതി പ്രഖ്യാപിച്ചതിന് യാതൊരു സാംഗത്യവുമില്ല. കേരളത്തിലെ ജനങ്ങളെ വഞ്ചിച്ചുകൊണ്ടിരിക്കുന്ന സർക്കാരാണിത്. ഇൻകം ജനറേറ്റ് ചെയ്യുന്ന പ്രോജക്ടുകൾ കിഫ്ബിയിൽ ഉൾപ്പെടുത്താതെ സാമ്പത്തിക അരാജകത്വത്തിലേയ്ക്കാണ് സർക്കാർ നീങ്ങുന്നത്. ധവളപത്രത്തിലെ കാര്യങ്ങളിൽ നീതിപുലർത്താൻ ഈ

ഗവൺമെന്റിന് സാധിച്ചിട്ടില്ല. എസ്.സി./എസ്.ടി. വിഭാഗത്തിലെ 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പിനായി 2,50,000/- രൂപ വരുമാന പരിധി നിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവ് പിൻവലിക്കുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീമതി സി. കെ. ആശ: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. ജലവിഭവം, മാലിന്യസംസ്കരണം, ജൈവകൃഷി, പൊതുവിദ്യാഭ്യാസം, ആരോഗ്യം എന്നീ രംഗങ്ങളിൽ സർക്കാർ കൈവരിച്ച നേട്ടം അഭിനന്ദനാർഹമാണ്. ഇന്ത്യയിലെ ആദ്യത്തെ സോളാർ ബോട്ട്, അതിവേഗ-ദീർഘദൂര ബോട്ടുകൾ എന്നിവ ജലഗതാഗത വകുപ്പിന്റെ സംഭാവനകളാണ്. സമ്പൂർണ്ണ വൈദ്യുതീകരണം, ക്ഷീരഗ്രാമം പദ്ധതി, ഐ.ടി. വികസനം, കുടിവെള്ള വിതരണം, ഭക്ഷ്യപൊതുവിതരണ സമ്പ്രദായം തുടങ്ങിയവ ഗവൺമെന്റിന്റെ എടുത്തുപറയത്തക്ക നേട്ടങ്ങളാണ്. കിഫ്ബി വഴി 42,363 കോടി രൂപയുടെ വികസന പദ്ധതികൾക്ക് അനുമതി നൽകാനും പ്രളയാനന്തര പുനർനിർമ്മാണം നടത്താനും പ്രകൃതിദുരന്തത്തിൽപ്പെട്ടവർക്ക് സംരക്ഷണം നൽകാനും സർക്കാരിന് സാധിച്ചിട്ടുണ്ട്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: ധനവിനിയോഗ ബില്ലിനെ

എതിർക്കുന്നു. പൊതുവിപണിയിൽനിന്ന് കൂടുതൽ തുക വായ്പയെടുത്തതിലൂടെ കേരളത്തിന്റെ ആളോഹരി കടം വർദ്ധിച്ചിരിക്കുകയാണ്. കേരളത്തെ കടക്കെണിയിൽനിന്ന് രക്ഷിക്കുന്നതിനുള്ള യാതൊരു ശ്രമവും സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുന്നില്ല. പൊതുമേഖലാ സ്ഥാപനങ്ങളുടെ ആന്വൽ ഓഡിറ്റ് സ്റ്റേറ്റ്മെന്റ് സംബന്ധിച്ച ധനകാര്യവകുപ്പിന്റെ പരിശോധന നിർത്തലാക്കാനുള്ള തീരുമാനം പുനഃപരിശോധിക്കണം. ആംനെസ്റ്റി സ്കീം ഫലപ്രദമാക്കുന്നതിന് ട്രിബ്യൂണലിന് രൂപം നൽകണം. തോട്ടം തൊഴിലാളികളെ ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തുമെന്നും കശുവണ്ടി ഫാക്ടറികൾ ഏറ്റെടുക്കുമെന്നും നിയമലംഘനം നടത്തിയ തോട്ടങ്ങൾ ഏറ്റെടുത്ത് ഭൂരഹിതർക്ക് വിതരണം ചെയ്യുമെന്നുമുള്ള പ്രഖ്യാപനങ്ങൾ ഇതുവരെ നടപ്പാക്കിയിട്ടില്ല. നിയമവകുപ്പിലെ ലീഗൽ അസിസ്റ്റന്റുമാരുടെ നിയമനവും മലപ്പുറം ജില്ലയിലെ എച്ച്.എസ്.എ. സോഷ്യൽ സയൻസ് അദ്ധ്യാപകരുടെ നിയമനവും നടത്താത്തത് പ്രതിഷേധാർഹമാണ്.

<u>ശ്രീ. മാത്യു ടി. തോമസ്</u>: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. സാമ്പത്തിക പ്രതിസന്ധിയെ അതിജീവിച്ച് നിരവധി വികസന പദ്ധതികൾ ഏറ്റെടുക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. ആശുപത്രികളുടെ സൗകര്യങ്ങൾ

വികസിപ്പിക്കാനും റോഡുകൾ മെച്ചപ്പെടുത്താനും സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനും നിരവധിപേർക്ക് പട്ടയം നൽകാനും സാധിച്ചത് സർക്കാരിന്റെ നേട്ടങ്ങളാണ്. 9600 കോടി രൂപയുടെ കുടിവെള്ള പദ്ധതികൾ കിഫ്ബിയിലൂടെ ഏറ്റെടുത്ത നടപടി അഭിനന്ദനാർഹമാണ്. പ്രളയത്തെ അതിജീവിക്കാൻ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ നടത്തിയ ഗവൺമെന്റാണിത്. പൊതുവായ വിഷയങ്ങളിൽ ഭരണ-പ്രതിപക്ഷ ഭേദമെന്യേ ഒരുമിച്ച് നിൽക്കണം.

<u>ശ്രീ. കെ. ദാസൻ</u>: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. കടബാധ്യതയിൽനിന്ന് കേരളത്തെ രക്ഷിക്കാനും കിഫ്ബിവഴി നവീന ആശയങ്ങൾ നടപ്പിലാക്കാനുമാണ് സർക്കാർ ശ്രമിക്കുന്നത്. ആരോഗ്യ മേഖലയിൽ മറ്റ് സംസ്ഥാനങ്ങളേക്കാൾ മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. കാർഷികോത്പന്നങ്ങൾക്ക് ആദായവില നിശ്ചയിക്കുന്നതിനും പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും സർക്കാരിന് സാധിച്ചിട്ടുണ്ട്. കെ.ജി.എസ്.ടി. വിഭാഗത്തിൽപ്പെട്ട നികുതിദായകർക്കുകൂടി ആംനെസ്റ്റി സ്കീം ബാധകമാക്കുന്നതിനും കൊയിലാണ്ടി ട്രഷറിയുടെ കെട്ടിടം

പുതുക്കിപ്പണിയുന്നതിനും കൊയിലാണ്ടിയിലെ നന്തി ഭാഗത്ത് കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിന്റെ ശാഖ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. കാരുണ്യ ചികിത്സാ പദ്ധതി നിലനിർത്താനും പ്രളയത്തിൽ ദുരിതമനുഭവിക്കുന്ന ചെറുകിട കർഷകരുടെ വായ്പകൾ എഴുതിത്തള്ളാനും ഇടുക്കി മണ്ഡലത്തിലെ കിഫ്ബിയുമായി ബന്ധപ്പെട്ട പദ്ധതികൾ നടപ്പാക്കാനും നടപടി സ്വീകരിക്കണം. പ്രളയത്തിൽ കാണാതായവരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിലെ തടസ്സങ്ങൾ ഒഴിവാക്കുന്നതിനും ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിഞ്ഞിരുന്ന കുടുംബങ്ങളിൽ അർഹതപ്പെട്ടവർക്ക് 10,000 രൂപയുടെ ആനുകൂല്യം നൽകുന്നതിനും തയ്യാറാകണം. ഇടുക്കി ജില്ലയിൽ കടാശ്വാസ കമ്മീഷനുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ജാഗ്രത പുലർത്തി കൂടുതൽ സ്ഥലങ്ങളിൽ സിറ്റിംഗ് നടത്താനും പ്രാഥമിക സഹകരണ സംഘങ്ങളിൽനിന്നും കർഷകരെടുത്തിട്ടുള്ള വായ്പകൾക്ക് പലിശ സബ്സിഡി ഇനത്തിലുള്ള കുടിശ്ശിക ലഭ്യമാക്കാനും നടപടി സ്വീകരിക്കണം.

<u>ശ്രീ. സി. കൃഷ്ണൻ</u>: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു.

കിഫ്ബിയിലൂടെ 43,730 കോടി രൂപയുടെ പദ്ധതികൾക്ക് അനുവാദം നൽകാൻ കഴിഞ്ഞതും പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ ലാഭകരമാക്കാൻ സാധിച്ചതും സർക്കാരിന്റെ നേട്ടങ്ങളാണ്. ഗാന്ധിജിയുടെ 150-ാം ജന്മദിനത്തിന്റെ ഭാഗമായി ഖാദിയുടെ പ്രചരണത്തിനായുള്ള പദ്ധതിക്ക് രൂപം നൽകണം. പയ്യന്നൂരിൽ ഗാന്ധി സ്മൃതി മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള തീരുമാനം സ്വാഗതാർഹമാണ്. ആഴ്ചയിലൊരു ദിവസം സർക്കാർ ജീവനക്കാർ ഖാദി/കൈത്തറി വസ്ത്രം ധരിക്കണമെന്ന നിർദ്ദേശം നടപ്പാക്കാനും സ്കൂൾ യൂണിഫോമിൽ ഖാദി വസ്ത്രത്തെ ഉൾപ്പെടുത്താനും നടപടിയുണ്ടാകണം. സർക്കാർ സർവ്വീസിൽ ഇരുപതിനായിരം പുതിയ തസ്തികകൾ സൃഷ്ടിച്ചതും ഒരു ലക്ഷത്തിലധികം പേർക്ക് പി.എസ്.സി. വഴി നിയമനം നൽകാൻ കഴിഞ്ഞതും എടുത്തുപറയേണ്ട നേട്ടങ്ങളാണ്. ഇൻകം സപ്പോർട്ട് സ്കീം കാലോചിതമായി പരിഷ്കരിക്കണം.

(ശ്രീമതി സി. കെ. ആശ, എം.എൽ.എ. സഭയിൽ വീണതിനെത്തുടർന്ന് ഉച്ചയ്ക്ക് 1.47-ന് നിർത്തിവച്ച സഭ 1.49-ന് പുനരാരംഭിച്ചു.)

ശ്രീ. ഐ. ബി. സതീഷ്: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. സമസ്ത മേഖലകളിലും ശ്രദ്ധേയമായ മാറ്റങ്ങൾ കൈവരിക്കാൻ സർക്കാരിന്

സാധിച്ചിട്ടുണ്ട്. ട്രാൻസ്ജെന്റേഴ്സിനെ പൊതുധാരയിൽ കൊണ്ടുവരാനും ഇതരസംസ്ഥാന തൊഴിലാളികൾക്ക് പാർപ്പിടസമുച്ചയമൊരുക്കാനും വ്യാപാരശാലകളിൽ വനിതാജീവനക്കാർക്ക് ഇരിപ്പിടമൊരുക്കാനും കഴിഞ്ഞത് അഭിനന്ദനാർഹമാണ്. കെട്ടിടം നിർമ്മിക്കുമ്പോൾ കിണർ റീചാർജിംഗ് നിർബന്ധമാക്കുന്നതിനും ഓൺലൈൻ വ്യാപാരത്തിന് സർക്കാർ ഉടമസ്ഥതയിൽ സംവിധാനമൊരുക്കുന്നതിനും സ്ത്രീപദവി പഠനം നടത്തി ജെന്റർ റിസോഴ്സ് സെന്ററുകൾ ശക്തിപ്പെടുത്തുന്നതിനുമുള്ള ശ്രമമുണ്ടാകണം.

<u>ശ്രീ. പി. ഉണ്ണി:</u> ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. പ്രതിസന്ധിക്കിടയിലും കിഫ്ബി മുഖേന വികസനമൊരുക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിരിക്കുകയാണ്. സമഗ്ര വികസനത്തിലൂടെ നവകേരളം സൃഷ്ടിക്കാനുള്ള സർക്കാരിന്റെ പ്രവർത്തനങ്ങൾ പ്രശംസനീയമാണ്. ക്രമസമാധാനപാലനം, അഴിമതി നിർമ്മാർജ്ജനം, ആരോഗ്യപരിപാലനം തുടങ്ങിയ മേഖലകളിൽ വമ്പിച്ച നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. എൽ.പി., യു.പി. ക്ലാസുകൾ ഹൈടെക് ആക്കാനുള്ള തീരുമാനവും കാർഷിക-ചെറുകിടവ്യവസായ മേഖലകളുടെ പുനർനിർമ്മാണത്തിനുള്ള പദ്ധതികളും സ്വാഗതാർഹമാണ്.

<u>ശ്രീ. ഡി. കെ. മുരളി</u>: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. സാമ്പത്തിക പ്രതിസന്ധിക്കിടയിലും സമസ്ത മേഖലകളിലും നേട്ടങ്ങൾ കൈവരിക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. ക്ഷേമപെൻഷനുകൾ കുടിശ്ശികയില്ലാതെ വിതരണം ചെയ്യുന്നതും ജലസംരക്ഷണത്തിനും മാലിന്യ നിർമ്മാർജ്ജനത്തിനും വിവിധ പദ്ധതികൾ ആവിഷ്കരിച്ചതും കാർഷിക-വ്യാവസായിക മേഖലകളിൽ പുരോഗതി കൈവരിച്ചതും പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കിയതും പൊതുവിദ്യാഭ്യാസരംഗം ശക്തിപ്പെടുത്തിയതും കേരള ബാങ്ക് രൂപീകരിച്ചതും എടുത്തുപറയേണ്ട നേട്ടങ്ങളാണ്. ഒരു ലക്ഷത്തിലധികം പട്ടയം വിതരണം ചെയ്തതും സർക്കാർ സർവ്വീസിൽ പുതിയ തസ്തികകൾ സൃഷ്ടിച്ചതും ആദിവാസി കുടുംബങ്ങളിലെ ഒരാൾക്ക് സ്ഥിരംജോലി നൽകാനുള്ള തീരുമാനവും ശബരിമല വികസനത്തിനുവേണ്ടി 739 കോടി രൂപ വകയിരുത്തിയതും ശ്ലാഘനീയമാണ്. നവകേരളം ലക്ഷ്യമിട്ടുകൊണ്ടുള്ള കർമ്മപരിപാടികളുമായി മുന്നോട്ടുപോകുന്ന സർക്കാരിന്റെ പ്രവർത്തനങ്ങളെ അഭിനന്ദിക്കുന്നു.

<u>ശ്രീ. സി. ദിവാകരൻ</u>: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. ഓഖി, പ്രളയം തുടങ്ങിയ പ്രകൃതി ദുരന്തങ്ങളെയും 'നിപ' വൈറസ് ബാധയേയും

ഫലപ്രദമായി നേരിടാൻ സാധിച്ചതും ഭവന-ഭൂരഹിതർക്ക് വീടും ഭൂമിയും നൽകാൻ തീരുമാനമെടുത്തതും ഗവൺമെന്റിന്റെ ഇച്ഛാശക്തി വ്യക്തമാക്കുന്നതാണ്. വൻകിട കോർപ്പറേറ്റുകളെ സംരക്ഷിക്കുന്ന കേന്ദ്രനിലപാടിനെ എതിർക്കാൻ പ്രതിപക്ഷം തയ്യാറാകണം.

ശ്രീ. എൻ. ഷംസുദ്ദീൻ: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. സംസ്ഥാനത്തിന്റെ ധനസ്ഥിതി അനുദിനം മോശമായിക്കൊണ്ടിരിക്കുകയാണ്. സർക്കാരിന്റെ ധൂർത്തും കെടുകാര്യസ്ഥതയുമാണ് ധനക്കമ്മി വർദ്ധിക്കാൻ കാരണം. ട്രഷറികളിൽനിന്നും ബില്ലുകൾ മാറി ലഭിക്കാത്ത സ്ഥിതിയാണുള്ളത്. ജി.എസ്.ടി. നടപ്പിലാക്കിയിട്ടും സംസ്ഥാനത്ത് പ്രതീക്ഷിത നികുതി വരുമാനം നേടിയെടുക്കാൻ കഴിയാത്തത് സർക്കാരിന്റെ വീഴ്ചയാണ്. ഭരണ പരിഷ്കാര കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടുകളിന്മേൽ നടപടി സ്വീകരിക്കാനോ പ്രവാസികൾക്കായി ഫലപ്രദമായ പദ്ധതികൾ ആവിഷ്കരിക്കാനോ സർക്കാരിന് സാധിച്ചിട്ടില്ല.

ശ്രീ. റ്റി. വി. രാജേഷ്: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. 42,306 കോടി രൂപയുടെ കിഫ്ബി പദ്ധതികൾക്ക് അപ്രൈസൽ ബോർഡ് അംഗീകാരം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. റോഡുകൾ, പാലങ്ങൾ,

മലയോര-തീരദേശ ഹൈവേ എന്നിവയ്ക്കായി 10,491 കോടി രൂപയും വ്യവസായ മേഖലയിൽ ഗ്രോത്ത് കോറിഡോർ, പെട്രോ കെമിക്കൽ പാർക്ക് തുടങ്ങിയവയ്ക്കായി 12,000 കോടി രൂപയും മാറ്റിവച്ചിട്ടുണ്ട്. ഊർജ്ജ പ്രതിസന്ധി പരിഹരിക്കാൻ 15 പ്രോജക്ടുകൾക്ക് തുക അനുവദിക്കാനും 68 കുടിവെള്ള പദ്ധതികൾക്കായി തുക ചെലവഴിക്കാനും തീരുമാനിച്ചത് അഭിനന്ദനാർഹമാണ്. കോട്ടയം, കാസർഗോഡ് മുനിസിപ്പാലിറ്റികളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കാനും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വികസനത്തിനായി കോടിക്കണക്കിന് രൂപ അനുവദിക്കാനും മൂലധനച്ചെലവിൽ വർദ്ധനവുണ്ടാക്കാനും സാധിച്ചു. 1,02,103 പേരെ പി.എസ്.സി. വഴി നിയമിച്ചതും പുതുതായി 20000 തസ്തികകൾ സൃഷ്ടിച്ചതും ചെറുകിട വ്യവസായ മേഖലയിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കാൻ തീരുമാനിച്ചതും ഗവൺമെന്റിന്റെ നേട്ടങ്ങളാണ്. റവന്യൂ കമ്മിയും ധനകമ്മിയും കുറച്ച് സമ്പദ്ഘടനയെ ശക്തിപ്പെടുത്താനുള്ള സമീപനമാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്.

<u>ശ്രീ. വി. എസ്. ശിവകുമാർ</u>: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. കേരളത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കുന്നതിന് നടപടി

സ്വീകരിക്കണം. പ്രളയംമൂലം തകർന്ന കാർഷിക-വ്യാവസായിക മേഖലകളെ സംരക്ഷിക്കാൻ നടപടി സ്വീകരിക്കണം. കയറ്റുമതിയിലുണ്ടായ തകർച്ചയും ടൂറിസം മേഖലയിലെ പ്രശ്നങ്ങളും പരിഹരിക്കണം. പ്രളയ സെസ്സ് ഒഴിവാക്കാനും ജി.എസ്.ടി., സ്വർണ്ണവില്പന തുടങ്ങിയവയിലൂടെയുള്ള നികുതി പിരിച്ചെടുക്കാനും കേരള പുനർനിർമ്മാണം ത്വരിതഗതിയിലാക്കാനും നടപടി സ്വീകരിക്കണം. ശബരിമലയിലെ ആചാരസംരക്ഷണത്തിന് കേന്ദ്ര സർക്കാർ നിയമം കൊണ്ടുവരണമെന്ന പ്രമേയം പാസ്സാക്കി അയയ്ക്കാനും ദേവസ്വം ബോർഡിനുണ്ടായ നഷ്ടം നികത്താനാവശ്യമായ ധനസഹായം നൽകാനും തയ്യാറാകണം. ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് പ്രഖ്യാപിച്ച പാക്കേജ് നടപ്പിലാക്കുന്നതിനും തീരദേശ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ആറ്റുകാൽ ടൗൺഷിപ്പ് യാഥാർത്ഥ്യമാക്കുന്നതിനും തിരുവനന്തപുരം കോർപ്പറേഷനിൽ മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണം.

## X വ്യക്തിപരമായ വിശദീകരണം

<u>പ്രീ-മെട്രിക് സ്കോളർഷിപ്പുമായി ബന്ധപ്പെട്ട ആക്ഷേപം</u>

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും

സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): പ്രീ-മെട്രിക് സ്കോളർഷിപ്പുമായി ബന്ധപ്പെട്ട് വിദ്യാഭ്യാസാനുകൂല്യം ലഭിക്കുന്നതിന് തടസ്സമാകുന്ന രീതിയിൽ പട്ടികജാതി വകുപ്പിൽനിന്നും ഉത്തരവിറക്കിയെന്ന ആരോപണം വസ്തുതാവിരുദ്ധമാണ്. വിദ്യാഭ്യാസ ആനുകൂല്യത്തിനുള്ള അപേക്ഷയോടൊപ്പം വരുമാനം സംബന്ധിച്ച സർട്ടിഫിക്കറ്റ്/അഫിഡവിറ്റ് നിർബന്ധമാണ്. കേന്ദ്ര സർക്കാർ ഗൈഡ്‌ലൈൻ അനുസരിച്ച് മുൻ യു.ഡി.എഫ്. സർക്കാർ കൊണ്ടുവന്ന ഉത്തരവിൽ സ്വയംതൊഴിൽ ചെയ്യുന്നവരും സ്വകാര്യ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരുമായ രക്ഷിതാക്കൾ 50 രൂപ പത്രത്തിലുള്ള സാക്ഷ്യപത്രമോ വില്ലേജ് ഓഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റോ ഹാജരാക്കണമെന്നും സർക്കാർ/അർദ്ധ സർക്കാർ ജീവനക്കാർ സ്ഥാപനമേധാവി നൽകുന്ന ശമ്പള സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്നുമുള്ള നിബന്ധനയുണ്ട്. 9, 10 ക്ലാസ്സുകളിലുള്ള കുട്ടികൾ വരുമാന സർട്ടിഫിക്കറ്റ് നൽകണമെന്ന് ഇപ്പോൾ നിർബന്ധമില്ല. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിന് രണ്ടരലക്ഷം രൂപവരെ വരുമാനമുള്ളവർ നിർബന്ധമായും വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കണം.

**നിയമനിർമ്മാണകാര്യം (തുടർച്ച)**

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): ചർച്ചയുടെ ഭാഗമായുള്ള പ്രതിപക്ഷ വിമർശനങ്ങളെ ഗൗരവത്തോടെയാണ് കാണുന്നത്. സാമ്പത്തിക ബുദ്ധിമുട്ടുകൾക്കിടയിലും പ്ലാൻ എക്സ്പെൻഡിച്ചറിൽ പുരോഗതി കൈവരിക്കാൻ സാധിച്ചുവെന്നത് നേട്ടമാണ്. നാണ്യവിളകളുടെ വിലയിടിവ്, റിയൽ എസ്റ്റേറ്റ് മേഖലയിലെ നിക്ഷേപത്തിലുള്ള ഇടിവ് തുടങ്ങിയവ കാരണം സംസ്ഥാനത്തിന്റെ പൊതുനിക്ഷേപത്തിൽ ഇടിവുണ്ടാകുകയും സാമ്പത്തിക വളർച്ച മന്ദീഭവിച്ചിരിക്കുകയുമാണ്. സംസ്ഥാന സർക്കാരിന്റെ ഫിസ്കൽ ഡെഫിസിറ്റിൽ കുറവ് വരുത്തിയ കേന്ദ്ര സർക്കാർ നടപടി അംഗീകരിക്കാൻ കഴിയില്ല. പ്രതീക്ഷയ്ക്കനുസരിച്ച് ജി.എസ്.ടി. വരുമാനം വർദ്ധിക്കാത്തത് ധനപ്രതിസന്ധിക്ക് കാരണമായിരിക്കുകയാണ്. മാന്ദ്യം മറികടക്കുന്നതിന് പൊതുനിക്ഷേപം ഉയർത്തുകയെന്ന ലക്ഷ്യത്തോടെയാണ് കിഫ്ബിക്ക് രൂപം നൽകിയത്. വൈദ്യുതി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് ട്രാൻസ് ഗ്രിഡ് 2.0 സ്ഥാപിക്കുന്നതാണ്. വൻകിട നിക്ഷേപ പദ്ധതികളുടെ ഫലപ്രദമായ വിനിയോഗത്തിന് കൊച്ചി റിഫൈനറി, കണ്ണൂർ വിമാനത്താവളം

എന്നിവിടങ്ങളിൽ ഭൂമി ഏറ്റെടുത്ത് വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതാണ്. ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിൽ നേട്ടമുണ്ടാക്കുകയും കേരള ടൂറിസം സ്പൈസ് റൂട്ട് പദ്ധതി ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. അത്യാധുനിക വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സ്വകാര്യനിക്ഷേപകരെ പ്രോത്സാഹിപ്പിക്കുന്നതാണ്. പെട്രോളിയം സെസ്സ്, മോട്ടോർ വാഹന നികുതി എന്നിവയിലൂടെ വായ്പാതിരിച്ചടവ് മാർഗ്ഗങ്ങൾ ഉറപ്പുവരുത്തുന്നതോടൊപ്പം സമ്പദ്ഘടനയുടെ വളർച്ചയ്ക്കുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. നികുതികുടിശ്ശിക പിരിച്ചെടുക്കൽ ഊർജ്ജിതമാക്കുന്നതിനും നികുതിചോർച്ച തടയുന്നതിന് എൻഫോഴ്സ്മെന്റ്, സർവ്വയലൻസ് വിഭാഗങ്ങൾ രൂപീകരിക്കുന്നതിനും റിട്ടേണുകൾ ഫയൽ ചെയ്യാത്തവരുടെമേൽ നടപടിയെടുക്കുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്. ലോട്ടറി വകുപ്പിൽനിന്നുള്ള വരുമാനം കാരുണ്യ ആരോഗ്യസുരക്ഷാ പദ്ധതിക്കായി നീക്കിവയ്ക്കുന്നതാണ്. ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

2019-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>2-ഉം 3-ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും</u>

2-ഉം 3-ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ് ഐസക്</u>): 2019-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി <u>(പ്രൊഫ. സി. രവീന്ദ്രനാഥ്)</u>: പ്രമേയത്തെ പിന്താങ്ങുന്നു.

2019-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം 29-നെതിരെ 75 വോട്ടുകളോടെ സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

സഭ വൈകുന്നേരം 4.18-ന് പിരിഞ്ഞു.